അത്തിക്കയം മുതൽ വലിയകുളം വരെ 7.9 കിലോമീറ്റർ 11 കെ. വി. ലൈൻ വലിച്ച് രണ്ട് 100 കെ. വി. എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുക.
രൂപ - 54,22,510

കുമ്പളപൊയ്കയിൽ മണ്ണാറക്കുളത്തിവരെ 1.8 കിലോമീറ്റർ 11 കെ.വി ലൈൻ വലിക്കുക.
രൂപ - 14,71,300

3.9 കിലോമീറ്റർ 11 കെ. വി. ലൈൻ വലിച്ച് പള്ളിക്കാരമുറിപ്പിൽ ഒരു 100 കെ. വി. എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുക.
രൂപ - 29,64,160

(സി) എ. പി. ഡി. ആർ. പി. സ്കീം മുഖേനയുള്ള ഫണ്ട് ഇതിന് ഉപയോഗപ്പെടുത്തുന്നതാണ്.

(ഡി) മറുപടി ഉപചോദ്യം (എ&ബി) എന്നിവയുടെ മറുപടിയോടൊപ്പം ചേർത്തിട്ടുണ്ട്.

(ഇ) മുകളിൽ സൂചിപ്പിച്ച പണികൾ ഇനി തുടങ്ങേണ്ടവയാണ്.

(എഫ്) മുൻഗണനാ ക്രമമനുസരിച്ച് പ്രസ്തുത പണികൾ പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

വൈദ്യുതി മോഷണക്കേസുകൾ

12 (900) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി മോഷണം ജാമ്യമില്ലാകുറ്റമാക്കി സർക്കാർ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) ഓർഡിനൻസ് അനുസരിച്ച് വൈദ്യുതി മോഷണം സംബന്ധിച്ച കേസുകൾക്ക് നൽകുന്ന പരമാവധി ശിക്ഷ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ഡി) വൈദ്യുതിമോഷണം സംബന്ധിച്ച കേസുകൾ കൈകാര്യം ചെയ്യുന്നതിന് വകുപ്പുതലത്തിൽ ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഇ) വൈദ്യുതി ബോർഡിലെ ഉദ്യോഗസ്ഥന്മാർ പങ്കാളികളാകുന്ന വൈദ്യുതി മോഷണക്കേസുകൾ ഉണ്ടാകാറുണ്ടോ ;

(എഫ്) എങ്കിൽ അത്തരം കേസുകൾ എപ്രകാരമാണ് കൈകാര്യം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) വൈദ്യുതി മോഷണം ഫലപ്രദമായി തടയുന്നതിനായി കേരള സർക്കാർ 1-4-2003-ൽ ദി ഇൻഡ്യൻ ഇലക്ട്രിസിറ്റി (കേരള അമന്റുമെന്റ്) ഓർഡിനൻസ് 2003 പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം വൈദ്യുതി, വൈദ്യുതി ലൈൻ, സാധനസാമഗ്രികൾ എന്നിവ മോഷ്ടിക്കുന്നത് കുറ്റകരമായി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ നിയമം നടപ്പാക്കുന്നതിന് വേണ്ടി ഇലക്ട്രിസിറ്റി യൂട്ടിലിറ്റി പ്രൊട്ടക്ഷൻ ഫോഴ്സ് സ്ഥാപിക്കാനും പ്രത്യേക കോടതികൾ സ്ഥാപിക്കാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) ഓർഡിനൻസ് അനുസരിച്ച് കുറ്റം തെളിയിക്കപ്പെട്ടാൽ കുറ്റവാളിക്ക് പരമാവധി മൂന്നുവർഷം വരെ തടവും അമ്പതിനായിരം രൂപ വരെ പിഴയും ശിക്ഷയായി നൽകാവുന്നതാണ്. കുറ്റം വീണ്ടും ചെയ്തതായി തെളിയിക്കപ്പെട്ടാൽ അഞ്ചുവർഷം വരെ തടവും അറുപതിനായിരം രൂപ വരെ പിഴയും ശിക്ഷയായി നൽകാവുന്നതാണ്.

(ഡി) ഗുരുതരമായ വൈദ്യുതി മോഷണം സംബന്ധിച്ച കേസുകൾ കണ്ടു പിടിക്കപ്പെട്ടാൽ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയും ബോർഡിനുണ്ടായിട്ടുള്ള നഷ്ടം ഈടാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറെയോ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെയോ ചുമതലപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസിന്റെ (വിജിലൻസ് ആന്റ് സെക്യൂരിറ്റി) മേൽനോട്ടത്തിലും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറു-(ആന്റി പവർ തെഫ്റ്റ് സ്ക്വാഡ്)ടെ നിയന്ത്രണത്തിലും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങൾ കേന്ദ്രമാക്കി ഓരോ ആന്റി പവർ തെഫ്റ്റ് റീജിയണൽ യൂണിറ്റും അതിനുകീഴിൽ തിരുവനന്തപുരം റീജിയണൽ യൂണിറ്റിൽ തിരുവനന്തപുരത്തും കോട്ടയത്തും രണ്ടും എറണാകുളം റീജിയണൽ യൂണിറ്റിൽ എറണാകുളം, വാഴത്തോപ്പ്, പാലക്കാട് ആയി മൂന്നും കോഴിക്കോട് റീജിയണൽ യൂണിറ്റിൽ കോഴിക്കോട്, കാസർഗോഡ്, കൽപ്പറ്റ എന്നിവിടങ്ങളിൽ ആയി മൂന്നും ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകൾ നിലവിലുണ്ട്. കൂടാതെ ഹൈടെൻഷൻ/എക്സ്ട്രാ ഹൈടെൻഷൻ മേഖലയെക്കൂടി ബോർഡിലെ ചീഫ് വിജിലൻസ് ആന്റ് സെക്യൂരിറ്റി ഓഫീസറുടെ മേലധികാരത്തിൽ കൊണ്ടുവരികയും ആയതിന് ചുമതലക്കായി മൂന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ആന്റി പവർ തെഫ്റ്റ് യൂണിറ്റ് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) ഉണ്ടാകാറുണ്ട്.

(എഫ്) ബോർഡിന്റെ ശ്രദ്ധയിൽപ്പെടുന്ന അത്തരം കേസുകളിൽ ജീവനക്കാർക്കെതിരെ അന്വേഷണം നടത്തി ശിക്ഷണനടപടികൾ എടുക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - V

[24-6-2003-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 12(904)-ന്റെ ഉത്തരം ദയവായി കാണുക

നം.	കാറ്റഗറി	ശതമാനത്തിൽ 1997-98	1998-99	1999-2000	2000-01	2001-02	2002-03
1	ഗാർഹികം						
	പേയിംഗ് ഗ്രൂപ്പ്	48.61	45.75	46.22	45.31	42.68	
	നോൺ പേയിംഗ്ഗ്രൂപ്പ്				0.13	0.12	
2	വാണിജ്യം	8.51	8.57	8.36	8.02	9.19	
3	പൊതുവിളക്കുകൾ	1.44	1.55	1.82	1.75	1.74	
4	ജലസേചനം, നിർജ്ജലീകരണം	4.44	3.87	3.83	3.39	2.11	
5	പൊതുജലവിതരണം	2.26	2.27	2.62	2.57	3.55	
6	വ്യവസായം						
	ലോടെൻഷൻ	6.71	6.32	6.35	6.28	6.83	
	ഹൈടെൻഷൻ	26.1	29.78	28.85	30.39	31.22	
7	റയിൽവേട്രാക്ഷൻ	0.11	0.12	0.18	0.38	0.54	
8	മൊത്ത വിൽപ്പന	1.81	1.81	1.77	1.78	2.02	
9	വെളിയിൽനൽകിയത്	0	0	0	0	0	
	ആകെ	100	100	100	100	100	

(വാർഷിക കണക്കു പുസ്തകപ്രകാരം)

LIBRARY ARCHIVES Kerala Legislative Assembly